പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1284 — 03.10.2016 ലെ മറുപടിയ്ക്ക്

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായ അപേക്ഷകൾ

ചോദ്യം — ഉത്തരം

ശ്രീ. മോൻസ് ജോസഫ് എം.എൽ.എ — പിണറായി വിജയൻ (മുഖ്യമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടുത്തുരുത്തി എം.എൽ.എ യുടെ ശിപാർ ശ പ്രകാരം എത്ര അപേക്ഷകൾ ചികിത്സാധനസഹായത്തിനായി ലഭിച്ചിട്ടുണ്ട് ; അവരുടെ പേരു വിവരം വ്യക്തമാക്കാമോ; ഈ അപേക്ഷകളിന്മേൽ സ്വീക രിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ എന്താണെന്ന് അറിയിക്കാമോ; | (എ) | മണ്ഡലം തിരിച്ചുള്ള കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല |
| (ബി) | എം.എൽ.എ മാർ എം.പി മാർ തുടങ്ങിയജനപ്രതിനിധികളെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നിർദേശം നൽകിയിട്ടുണ്ടോ ; ഇതിന് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ | (ബി) | 50,000/- (അൻപതിനായിരം) രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ/എം.പി- മാർ മുഖേന വിതരണം ചെയ്താൽ മതിയെന്ന് ഉത്തരവുണ്ടായിരുന്നു. എന്നാൽ ഇത് കാലതാമസ മുണ്ടാകുമെന്നതിനാലും ഗുണഭോക്താവിന് യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ടി പ്രസ്തുത ഉത്തരവ് പിൻവലിക്കുകയുണ്ടായി. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| | ദുരിതാശ്വാസനിധിയുടെ അപേ ക്ഷകൾ പ്രോസസ്സ് ചെയ്യുന്ന തിന് പുതിയ സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ടോ ; ഏത് | | ദുരിതാശ്വാസ നിധിയുടെ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിന് പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തിട്ടുണ്ട് www.cmo.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ പ്രോസസ് ചെയ്യാൻ സാധിക്കും. വെബ്സൈറ്റ്, സോഫ്റ്റ് വെയർ സേവനങ്ങൾ നൽകുന്നതിനായി സി-ഡിറ്റിനെയാണ് |

| | | | |
|---|---|---|---|
| (സി) | ഏജൻസിയ്ക്കാണ് ഇതിന്റെ ചുമതല ; ഇതിന് എത്ര രൂപ ചെലവായി എന്നറിയി ക്കാമോ ഈ ഏജൻസി നൽകിയിരി ക്കുന്ന സോഫ്റ്റ് വെയർ മുഖേന വിവരങ്ങൾ നൽകുന്നതിനായി എം.എൽ.എ. മാർക്ക് ഐഡിയും പാസ്സ് വേഡും നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ചുമതല പ്പെടുത്തിയിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും, പരാതി പരിഹാര പോർട്ടലും ഡെവലപ്പ് ചെയ്യു ഇനത്തിലും, അപേക്ഷകളുടെ ഡാറ്റ എൻട്രി നടത്തുന്നതിനായും, മേൽ നോട്ടത്തിനുമായും 2016-2017 സാമ്പത്തിക വർഷം 1,67,76,775/- രൂപ; ചെലവായിട്ടുണ്ട്. എല്ലാ എം എൽ എ മാർക്കും ഈ സോഫ്റ്റ് വെയർ മുഖേന ദുരിതാശ്വാസ നിധിയുടെ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിനുള്ള യൂസർ ഐഡിയും പാസ്സ്‌വേർഡും നൽകിയിട്ടുണ്ട്. |
| (ഡി) | ജില്ലാ കളക്ടറുടെ റിപ്പോർട്ടോടു കൂടി സമർപ്പിക്കുന്ന അപേക്ഷ വീണ്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കട്ടപ്പുറത്തി മണ്ഡലത്തിൽ നിന്നും വന്ന എത്ര അപേക്ഷകൾ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയച്ചു; അവ ഏതെല്ലാം; ഏതെല്ലാം വില്ലേജ് ഓഫീസർമാർ റിപ്പോർട്ട് നൽകി; ഇനി റിപ്പോർട്ട് കിട്ടാനുള്ള അപേക്ഷകൾഏതെല്ലാം; ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് റിപ്പോർട്ട് നൽകാൻ വൈകുന്നത് എന്നു കൂടി അറിയിക്കാമോ? | (ഡി) | അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തി രിക്കുന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ മതിയായ വിവരങ്ങൾ ഇല്ലായെങ്കിൽ ആയത് ലഭ്യമാക്കാൻ അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് അയക്കാറുണ്ട്. CMDRF-ൽ ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരങ്ങൾ മണ്ഡലം അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കട്ടപ്പുറത്തി നിയോജകമണ്ഡലത്തിലെ എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചു; ആർക്കൊക്കെ എത്ര തുക വീതം അനുവദിച്ചു എന്ന് അറിയിക്കാമോ? | (ഇ) | മണ്ഡലം തിരിച്ചുള്ള കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |

Signed by
Rakesh Paul
Date: 14-05-2026 14:48:02
സെക്ഷൻ ഓഫീസർ